(സി) കുപ്പാടി ഗവൺമെന്റ് യു. പി. സ്കൂൾ ഹൈസ്കൂൾ ആക്കി അപ്ഗ്രേഡ് ചെയ്യുന്നതിന് ഈ വർഷം തന്നെ നടപടി കൈക്കൊള്ളുമോ ;

(ഡി) സുൽത്താൻബത്തേരി പഞ്ചായത്തിലെ യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ മേഖലയിലെ സ്കൂളിന് ആദ്യ പരിഗണന നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു.

(സി & ഡി) പരിശോധിച്ചു വരികയാണ്.

അൺഎയിഡഡ് സ്കൂളിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും ക്ഷേമനിധി

84 (2959) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺഎയിഡഡ് സ്കൂളിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) നിലവിൽ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

വിദ്യാഭ്യാസ നിയമം പരിഷ്കരിക്കുന്നതിന് സമിതി

85 (2960) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ കേരള വിദ്യാഭ്യാസ നിയമ പരിഷ്കരണത്തിൽ വ്യവസ്ഥ ചെയ്യുമോയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ നിയമം പരിഷ്കരിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സമിതി റിപ്പോർട്ട് ഇതേ വരെ സമർപ്പിച്ചിട്ടില്ല. സമിതിയുടെ ടേംസ് ഓഫ് റഫറൻസിൽ സമൂലമാറ്റത്തിന് വ്യവസ്ഥയുണ്ട്. മേൽ സമിതിയുടെ ശുപാർശ ലഭിച്ചതിനുശേഷമേ ഇക്കാര്യത്തിൽ ഒരു മറുപടി പറയാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly